**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2536** **02-08-2021 - ൽ മറുപടിയ്ക്ക്**

**പ്രീ പ്രൈമറി പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ നടക്കുന്ന പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകിവരുന്നത്; | (എ) | സംസ്ഥാനത്തെ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഉന്നമനത്തിനായി പൊതു വിദ്യാഭ്യാസ വകുപ്പ് 'സിസ്റ്റമാറ്റൈസിങ് ഓഫ് പ്രീ-സ്കൂളിംഗ് എഡ്യൂക്കേഷൻ.' എന്ന പ്രൊജക്ട് നടപ്പിലാക്കിവരുന്നു. പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി വിവിധ പദ്ധതികൾക്കായി പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചിരുന്ന തുക സംസ്ഥാനത്തെ ജില്ലകളിലെ തെരഞ്ഞെടുത്ത സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ. യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളുകളുടെ സമഗ്രമായ വികസനത്തിനായി വിനിയോഗിച്ചുവരുന്നു ടി. തുകയുടെ ഫലപ്രദമായ വിനിയോഗം വഴി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും 10 പ്രീ-പ്രൈമറി സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളായി മാറുകയാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രീ-പ്രൈമറി സ്കൂളുകളിലെ കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിനായി പ്രീ-പ്രൈമറി അദ്ധ്യാപകർക്കും കുട്ടികൾക്കായുള്ള പുസ്തകം കളിത്തോണി, അദ്ധ്യാപകർക്കുള്ള കൈപ്പുസ്തകം എന്നിവ അച്ചടിച്ച് നൽകി വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുന്നതിലൂടെ കൂടുതൽ മേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യാൻ സാധിക്കുന്നുണ്ട്. കൂടാതെ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും ശാസ്ത്രീയമായ പരിശീലനം നൽകുന്നതിനായി ശില്പശാല സംഘടിപ്പിക്കുന്നതിലൂടെ കുട്ടികളുടെ പരിചരണം കൂടുതൽ ശാസ്ത്രീയമാക്കുന്നതിനും പ്രീ-പ്രൈമറി മേഖലയെ ശാക്തീകരിക്കുന്നതിനും സാധിക്കുന്നുണ്ട്. പ്രസ്തുത ലക്ഷ്യങ്ങൾ നടപ്പിൽ വരുന്നതിലേയ്ക്കായി" മോണിറ്ററിംഗ്, കപ്പാസിറ്റി ഡവലപ്പ്മെന്റ് പ്രോഗ്രാം ആന്റ് ട്രയിനിംഗ് ഓഫ് പ്രീ-പ്രൈമറി ടീച്ചേഴ്സ് ആന്റ് |

| | | | |
|---|---|---|---|
| | | | ആയാസ്. " -നു വേണ്ടിയും തുക വിനിയോഗിച്ചു വരുന്നു. |
| (ബി) | പ്രീപ്രൈമറി വിദ്യാഭ്യാസത്തിൽ മാതൃഭാഷയ്ക്ക് ഊന്നൽ നൽകുന്ന എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; | (ബി) | മാതൃഭാഷയാണ് പ്രീ-സ്കൂളിലെ വിനിമയ മാധ്യമം. അതിന് സഹായകരമായ പ്രീസ്കൂൾ പാഠ്യപദ്ധതി, പ്രീ സ്കൂൾ കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകം - 'കളിത്തോണി, അധ്യാപക സഹായി എന്നിവ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി തയ്യാറാക്കി വരുന്നു. |
| (സി) | പ്രീപ്രൈമറി പാഠപുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിൽ എന്തെല്ലാം ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | പ്രീ-പ്രൈമറികൾക്കായി പ്രത്യേക പാഠപുസ്തങ്ങൾ എസ്.സി.ഇ.ആർ.ടി-യാണ് തയ്യാറാക്കി വരുന്നത്. എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ കുട്ടികൾക്കും അധ്യാപകർക്കും ആവശ്യമായ പഠന വിനിമയ സാമഗ്രികൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചുവരുന്നു. |
| (ഡി) | പ്രീപ്രൈമറി പരീക്ഷകൾ സംബന്ധിച്ച എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കുമോ? | (ഡി) | പ്രീ പ്രൈമറി കുട്ടികൾക്ക് എഴുത്ത് പരീക്ഷയോ വാചിക പരീക്ഷയോ നിർദ്ദേശിക്കുന്നില്ല. കുട്ടികളിൽ നിശ്ചിത ശേഷി വികസിപ്പിക്കുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ നൽകുന്നു. അവ അധ്യാപകർ നിരീക്ഷിച്ച് വിലയിരുത്തുന്നു. |

സെക്ഷൻ ഓഫീസർ